## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. **898**

02.12.2015- ൽ മറുപടിയ്ക്ക്

### ഭാരതപ്പുഴ, ചാലിയാർ, പമ്പ നദീതട വികസനം

**ചോദ്യം**
**ഡോ.കെ.ടി.ജലീൽ**

**ഉത്തരം**
**ശ്രീ.പി. ജെ.ജോസഫ്**
(ജലവിഭവ വകുപ്പ് മന്ത്രി)

എ) ഭാരതപ്പുഴ, ചാലിയാർ, പമ്പ നദീതട വികസനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 2012 — 13 - ബഡ്ജറ്റിൽ എത്ര തുക നീക്കി വെച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

എ) ഭാരതപ്പുഴ, ചാലിയാർ, പമ്പ നദീതട വികസനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 2012 — 13 ബഡ്ജറ്റിൽ 13.18 കോടി രൂപ നീക്കി വച്ചിരുന്നു.

ബി) ഇതിൽ നിന്നും പ്രസ്തുത വർഷം എത്രതുക ചെലവഴിച്ചിട്ടുണ്ടെന്നും, ഇപ്പോൾ പ്രസ്തുത പദ്ധതി നടപ്പാക്കുന്നുണ്ടോയെന്നും അറിയിക്കുമോ; പദ്ധതിയുടെ പുരോഗതി അറിയിക്കുമോ?

ബി) ഇതിൽ നിന്നും, 2012 - 13 വർഷത്തിൽ ₹ 34.42 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.
കേരളത്തിലെ പുഴകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഭാരതപുഴയെ ഒരു പൈലറ്റ് പ്രോജക്ടായി തെരെഞ്ഞെടുത്ത് അതിന്റെ സംരക്ഷണത്തിനും വികസനത്തിനുമായിട്ടുള്ള ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 1222 കോടി രൂപയുടെ വിശദമായ പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നു.

2013-14 സാമ്പത്തിക വർഷത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകെ പുതിയ സാങ്കേതിക വിദ്യയിൽ മന്നന്നൂരിൽ തടയണ നിർമ്മിക്കുന്നതിന് 489.44 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. പ്രസ്തുത തടയണ നിർമ്മാണം 'Kerala Irrigation Infrastructure Development

Corporation'നെ ഏൽപ്പിക്കുകയും ചെയ്തു.

കൂടാതെ ഭാരതപ്പുഴ ബേസിനിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ചെക്ക് ഡാമുകളും, റഗുലേറ്ററുകളും നിർമ്മിക്കുന്നതിനുള്ള പര്യവേഷണ ജോലികൾക്കും സർവ്വേ ചെയ്യുന്നതിനുമായി KIIDC സർക്കാരിൽ സമർപ്പിച്ച 4.70 കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകുകയും ചെയ്തു.

ഇതിനു പുറമേ, തൃശ്ശൂർ ജില്ലയിലെ തിരുവില്വാമല പഞ്ചായത്തിൽ ഐവർമഠത്തിൽ ബലി തർപ്പണകടവ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള 3.70 കോടി രൂപയുള്ള ശുപാർശ ഫണ്ടിന്റെ അപര്യാപ്തത മൂലം പരിഗണിക്കാൻ സാധിച്ചില്ല. പ്രസ്തുത പദ്ധതി അടുത്ത സാമ്പത്തിക വർഷം സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭാരതപ്പുഴയുടെ സമഗ്ര വികസനത്തിനായി CESS,CWRDM , ഇറിഗേഷൻ, റവന്യൂ മുതലായ വകുപ്പുകളുടെ ഏകോപനത്തോടുകൂടി ഒരു basic plan തയ്യാറാക്കുന്നതിന് 29.04.2013-ൽ പ്ലാനിംഗ് ബോർഡ് ചെയർമാൻ വിളിച്ച് ചേർത്ത മീറ്റിംഗിൽ തീരുമാനിക്കുകയുണ്ടായി. എല്ലാ വകുപ്പുകളുടെയും പങ്കാളിത്തത്തോടു കൂടി ഭാരതപ്പുഴ ക്കുമാത്രമായി ഒരു സംരക്ഷണ പദ്ധതി ആസൂത്രണം ചെയ്യുന്നതിലേക്ക് Planning Board-ന്റെ മേൽനോട്ടത്തിൽ മീറ്റിംഗ് വിളിച്ച് കൂട്ടാനും പ്രസ്തുത യോഗത്തിൽ തീരുമാനമുണ്ടായി.

ചാലിയാർ നദീതടത്തിന്റെ കരട് മാസ്റ്റർ പ്ലാൻ CWRDM തയ്യാറാക്കിയിട്ടുണ്ട്.

ഷിറിയ നദീതടത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ചീഫ് എഞ്ചിനീയർ ISW നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ